**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 593**
**19.03.2013- ലെ മറുപടിയ്ക്ക്**

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>**

**ചോദ്യം**
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

**ഉത്തരം**
**ശ്രീ. കെ.എം. മാണി**
**(ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി )**

| | | |
|---|---|---|
| (എ) | 2013 ഏപ്രിൽ 1 മുതൽ സർക്കാർ ജോലിയിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ഏർപ്പെടുത്തുന്നുണ്ടോ; | 2013 ഏപ്രിൽ 1 മുതൽ സർക്കാർ ജോലിയിൽ പ്രവേശിക്കുന്നവർക്ക് 07.01.2013 ലെ സ.ഉ. (പി) നം. 20/13/ധന പ്രകാരം ദേശീയ പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇവരുടെ പെൻഷൻ ഫണ്ടിലേയ്ക്ക് ഈടാക്കുന്ന തുക എവിടെ നിക്ഷേപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; | ദേശീയ പെൻഷൻ പദ്ധതിയിലെ പെൻഷൻ ഫണ്ടിലേക്ക് ഈടാക്കുന്ന തുക, കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 14.08.2008 ലെ F No.5 (88)/2006-PR.-നം വിജ്ഞാപനം പ്രകാരമുള്ള ഫണ്ടുകളിലാണ് നിക്ഷേപിക്കുന്നത്. (വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി നല്കുന്നു.) |
| (സി) | ഫണ്ട് സർക്കാർ ട്രഷറികളിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഇതിന്റെ ഭാഗമായി ദേശീയ പെൻഷൻ പദ്ധതിയിലെ സർക്കാർ സെക്യൂരിറ്റി വിഭാഗത്തിൽ സംസ്ഥാന ട്രഷറി നിക്ഷേപങ്ങൾ കൂടി ഉൾപ്പെടുത്തുവാൻ പി.എഫ്.ആർ.ഡി.എ-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | ഇല്ലെങ്കിൽ ഏതെല്ലാം ഏജൻസികൾ/ബാങ്കുകൾ എന്നിവയിലാണ് നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ? | ബാധകമല്ല. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്